## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 61 — 10/06/2013-ൽ മറുപടിയ്ക്ക്

### ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ് നിയമനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഉമ്മർ | ശ്രീ. ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി) |
| എ) തിരുവനന്തപുരം ജില്ലയിൽ ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ് നിയമനത്തിന് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; | എ) ഉണ്ട് |
| ബി) എങ്കിൽ കഴിഞ്ഞ അധ്യയന വർഷം പ്രസ്തുത തസ്തികയിൽ എത്ര നിയമന ശുപാർശകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) 55 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. |
| സി) ജില്ലയിൽ നിരവധി ഒഴിവുകളുണ്ടായിട്ടും കഴിഞ്ഞ ഒമ്പത് മാസമായി നിയമന ശുപാർശ നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | സി) 16.03.2012-ൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത 19 പ്രതീക്ഷിത ഒഴിവുകളിൽ 3 ഒഴിവുകൾ മാത്രമാണ് പെൻഷൻ പ്രായം ഉയർത്തിയതിനാൽ 31.03.12-ൽ നിലവിൽ വന്നത്. എന്നാൽ 22.09.12-ലെ നിയമന ശുപാർശയിൽ 16.03.12-ൽ റിപ്പോർട്ട് ചെയ്ത 19 ഒഴിവുകൾ ഉൾപ്പെടെയാണ് ശുപാർശ ലഭിച്ചത്. 21.01.13 പ്രകാരം ലഭിച്ച 13 പേരുടെ നിയമന |

ശുപാർശയിന്മേൽ സൂപ്പർന്യൂമററി തസ്തികയിലാണ് നിയമനം നടത്തിയിട്ടുള്ളത്.

(പി.എച്ച്.ബാക്ക്ലോഗ്)

തുടർന്നുള്ള തസ്തിക ഒഴിവുകൾ കണക്കിലെടുത്ത് നേരിട്ടുള്ള 19 ഒഴിവുകളും, തസ്തികമാറ്റം വഴിയുള്ള ഒരൊഴിവ് ഉൾപ്പെടെ 20 ഒഴിവുകൾ 03.06.13-ൽ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ